നം.കെ.എസ്.എ-കെ.ടി.എം.പി6/1191/17 തീയതി:03.08.2017

# കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.12.16 മുതൽ 31.3.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 17.07.2017ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017- 17.07.2017 |
| ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ<br>ശ്രീ.രതീഷ് സി.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.മനു എം., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ആൽബിൻ സിറിയക്ക്, ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സാബു പി.മണലൊടി | 01.04.2016-31.03.2017 |
| സെക്രട്ടറി | ശ്രീ.രാജ്കുമാർ ജി. | 01.04.2016-22.12.2016 |
| | ശ്രീ.രാജീവ് എസ്.(സെക്രട്ടറി ഇൻ ചാർജ്ജ്) | 23.12.2016-30.12.2016 |
| | ശ്രീ.അബ്ദുൾ ജവാദ് എ. | 31.12.2016- 31.03.2017 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജീവ് എസ്. | 01.04.2016-07.02.2017 |
| | ശ്രീ.എസ്. രാജേന്ദ്രൻ | 08.02.2017-31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീമതി മിനി ജോസഫ് | 01.04.2016-31.03.2017 |
| വി.ഇ.ഒ | ശ്രീ.ബൈജു | 01.04.2016-21.11.2016 |

| | | |
|---|---|---|
| | ശ്രീ.പ്രിൻഷാദ് | 22.11.2016-31.03.2017 |
| | ശ്രീമതി മേരി ബനീജ്ഞ | 22.11.2016-31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ആശാറാണി | 01.04.2016-16.07.2016 |
| | ശ്രീമതി സുചിത്ര | 17.07.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ജോസഫ് പി.വി. | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മഞ്ജു സേവ്യർ | 01.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.എ.വി. സുനിൽ | 01.04.2016-31.03.2017 |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.മറ്റം മെറിറ്റ് കുര്യൻ | 01.04.2016-31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി സീനാ വി.എം. | 01.04.2016-31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ലില്ലിക്കുട്ടി | 01.04.2016-31.03.2017 |
| ഹെഡ്മാസ്റ്റർ | ശ്രീമതി സീനത്ത് ബീവി | 01.04.2016-31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാകേഷ് എം. | 01.04.2016-30.08.2016 |
| | ശ്രീ.മനോജ്കുമാർ | 31.08.2016-31.03.2017 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | കാലാവധി കഴിഞ്ഞിട്ടും പണമായി മാറ്റാത്ത ചെക്കുകൾ അവശേഷിക്കുന്നു |
| 2-3 | വസ്തുനികുതി – കുറഞ്ഞ നിരക്കിൽ ഈടാക്കി |
| 2-4 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ |
| 2-5 | മാസവാടക ഈടാക്കിയില്ല |

| | |
|---|---|
| 2-6 | പരസ്യനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 2-7 | ഇ-ടെൻഡർ-ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല |
| 2-8 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു |
| 2-9 | പഞ്ചായത്തിന്റെ യോഗനടപടിക്രമങ്ങൾ – രേഖകൾ തയ്യാറാക്കുന്നതിൽ അപാകതകൾ |
| 2-10 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവുവിളക്ക് അറ്റകുറ്റപ്പണി-കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികനിരക്കിൽ പ്രവൃത്തി നടപ്പാക്കി |
| 3-2 | ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല |
| 3-3 | 2016-17 വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ യഥാർത്ഥ ചെലവും, ചെലവ് പത്രിക(സുലേഖ സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്തത്) പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു |
| 3-4-1 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പഠനോപകരണ വിതരണ പ്രോജക്ടുകൾ – വിതരണക്കാരന് അധികമായി തുക നൽകി |
| 3-4-2 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ – അപാകതകൾ |
| 3-5 | മെഡിക്കൽ ഓഫീസർമാരുടെ പ്രോജക്ടുകളിലെ അപാകതകൾ |
| 3-6 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | സാനിട്ടറി യൂണിറ്റ് – ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാനവശേഷിക്കുന്നു |
| 3-8 | ഇ.എം.എസ്.ഭവനപദ്ധതി |
| 3-9 | മരാമത്തുപ്രവൃത്തികൾ – ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
| 3-10-1 | ആശ്രയ പദ്ധതി |
| 3-10-2 | ആശ്രയ 2-ാം ഘട്ടത്തിന് നൽകിയ പദ്ധതി വിഹിതം കുടുംബശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്നു |
| 3-11 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | ക്ഷേമപെൻഷൻ തിരികെ ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-13 | വെള്ളക്കരം – സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് 2016-17 |
| അനുബന്ധം-3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 10,11,088 | 40,23,163 | 30,12,075 | | (+)27 |
| വരവ് | 9,41,81,000 | 6,23,87,797 | | 3,17,93,203 | (-)34 |
| ആകെ | 9,51,92,088 | 6,64,10,960 | | | |
| ചെലവ് | 9,49,23,000 | 5,81,84,239 | | 3,67,38,761 | (-)39 |
| നീക്കിയിരിപ്പ് | 2,69,088 | 82,26,721 | 79,57,633 | | |

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകളിൽ വലിയ അന്തരമാണ് കാണുന്നത്. യാഥാർത്ഥ്യബോധത്തോടെയല്ലാതെയും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരമുള്ള മുന്നൊരുക്കങ്ങളോ, നിർദേശങ്ങളോ പാലിക്കാതെയുമാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 22.06.2017 | ---------------- | --------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 10.07.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40,23,163 |
| വരവ് | 6,23,87,797 |
| ആകെ | 6,64,10,960 |
| ചെലവ് | 5,81,84,239 |
| നീക്കിയിരിപ്പ് | 82,26,721 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,75,73,834 | 1,75,73,834 | 1,75,73,834 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 88,27,899 | 88,27,899 | 88,27,899 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,49,034 | 1,49,034 | 1,36,000 | 13,034 | 91 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 42,01,029 | 42,01,029 | 28,57,983 | 13,43,046 | 68 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 46,24,986 | 46,24,986 | 46,24,986 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 81,28,018 | 81,28,018 | 59,41,408 | 21,86,610 | 73 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 71,508 | 71,508 | 44,833 | 26,675 | 62 |
| എം.ജി.എൻ.ആർ.ഇ. ജി.എസ്(*) | 2916 | 4,54,76,962 | 4,54,79,878 | 4,54,72,080 | 7,798 | 99.98 |

(*) വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് വാർഷിക ധനകാര്യപത്രികയുടെ വിശേഷണമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 152 | 6,09,71,871 | 120 | 4,59,88,124 | 23 | 9 | 79 |

പദ്ധതി രൂപീകരണം

2016-17 പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെയാണ് 16-17-ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. മാർഗ്ഗരേഖാ നിർദ്ദേശപ്രകാരം അയൽസഭകളും വാർഡുസഭകളും രൂപീകരിച്ച് ഉയർന്ന ജനപങ്കാളിത്തത്തോടെ പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 13 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിൽ യോഗം ചേരുകയും ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 14.6.16-ൽ കൂടിയ വികസനസെമിനാറിൽവച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2016 ജനവരി ഫെബ്രുവരി മാസങ്ങളിലെ വിവിധ തീയതികളിൽ കൂടുകയും പദ്ധതിനിർദ്ദേശങ്ങൾ എല്ലാ ഗ്രാമസഭകളിലും അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ വളരെ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നുവെന്ന് ഗ്രാമസഭാമിനിറ്റ്സുകൾ പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ട്. 16-17 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 4.6.16, 14.10.16, 28.2.17 എന്നീ തീയതികളിൽ ഊരുകൂട്ട യോഗവും 27.2.17ൽ വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി.

പദ്ധതി അംഗീകാരം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിക്ക് പഞ്ചായത്ത്കമ്മിറ്റിയുടെ 25.8.16-ലെ 1-ാം നമ്പർ തീരുമാനപ്രകാരം സാമ്പത്തികാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 15.3.17ലെ 490/16/DPC/DPO/Ktm-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 6,09,71,871/-രൂപ വകയിരുത്തിയതിൽ 4,59,88,124/-രൂപ തൻവർഷം ചെലവഴിക്കാനായിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 152 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 30 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 120 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. 2016-17 വാർഷികപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ 75.42% തൻവർഷം ചെലവഴിക്കാനായിട്ടുണ്ട്. പൊതുവിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുമുള്ള വികസനഫണ്ട് തൻവർഷ അലോട്ട്മെന്റ് മുഴുവൻ തുകയും ചെലവഴിച്ചെങ്കിലും മുന്നിരിപ്പ് ഉൾപ്പെടെയുള്ള തുക അടങ്കലിൽ ഉൾപ്പെടുത്തിയതിനാൽ ചെലവുപത്രിക പ്രകാരം ചെലവ്ശതമാനം 95.79 ശതമാനമാണ്. കേന്ദ്രാവിഷ്കൃതഫണ്ടും ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റിന്റെ ചെലവുശതമാനം കുറഞ്ഞത്, ബ്ലോക്ക് വിഹിതം വകയിരുത്തലിൽ ഉൾപ്പെടുത്തുകയും എന്നാൽ ചെലവഴിച്ച തുക ചെലവിൽ ഉൾപ്പെടുത്താൻ പറ്റാത്ത സാഹചര്യവും മറ്റും വാർഷികപദ്ധതിയുടെ ചെലവുപത്രിക പ്രകാരമുള്ള ചെലവുശതമാനം 75.42 ആയി കുറയുന്നതിനിടയായി.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1812058 | 3267075 | 1455017 | (+)80.29 |
| നികുതിയേതര വരവുകൾ | 312114 | 2058199 | 1746085 | (+)559 |
| മറ്റുവരവുകൾ | 67692 | 65369 | 2323 | (-)3.4 |
| ആകെ | 2191864 | 5390643 | 3198779 | (+)145.93 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69,29,280 | 377 |
| കർഷകതൊഴിലാളി പെൻഷൻ | 76,43,000 | 858 |
| വിധവാപെൻഷൻ | 90,54,250 | 746 |
| വാർദ്ധക്യകാലപെൻഷൻ | 19,16,145 | 1134 |
| വികലാംഗപെൻഷൻ | 32,23,265 | 299 |
| അവിവാഹിത പെൻഷൻ | 8,04,060 | 73 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2017-ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,901രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. നിയമപ്രകാരം ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും നടപ്പാക്കുന്നതിനുതകുന്ന തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വാർഷികപദ്ധതി രൂപീകരണത്തിന്റെ പ്രാഥമിക നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗംചേരൽ ഗ്രാമസഭകളുടെ സംഘാടനം, വികസനസെമിനാർ എന്നിവ സമയബന്ധിതമായും ക്രിയാത്മകമായും സംഘടിപ്പിക്കുന്നതിലും ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സ്ബുക്ക്, പഞ്ചായത്തിന്റെ വരവ്-ചെലവുകളുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. തൊഴിൽ നികുതി, ഡി&ഒ, വാടക, എന്നീ വരവിനങ്ങൾ സംബന്ധമായ രജിസ്റ്ററുകൾ ശരിയായി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്) പൂർത്തിയായിട്ടില്ല. ആയതിനാൽ വസ്തുനികുതി വാർഷികകണക്ക് പ്രകാരമുള്ള ഡിമാന്റുകയുടെ കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യമായ എല്ലാ അനുബന്ധരേഖകളും ഉൾപ്പെടുത്തി കൃത്യമായി ഫയൽചെയ്ത് സൂക്ഷിച്ചിരുന്നില്ല. എന്നാൽ മറ്റ് നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ട് ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

വൗച്ചറുകളുടെയും ബിൽരജിസ്റ്ററിന്റെയും സൂക്ഷിപ്പ് - തൃപ്തികരമല്ല

2011 - ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് )ചട്ടങ്ങൾ ചട്ടം 34 പ്രകാരം സെക്രട്ടറി നൽകുന്ന പണം നൽകലുകളും റീഫണ്ടുകളും പ്രസിഡണ്ട് അധികൃതമാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വൗച്ചർ പരിശോധിച്ചതിൽ ഭൂരിഭാഗം വൗച്ചറുകളിലും പ്രസിഡന്റ് ഒപ്പ് രേഖപ്പെടുത്തി യിട്ടില്ല എന്ന് കാണുന്നു. ഡിപ്പോസിറ്റ് റീ ഫണ്ട് ചെയ്യുന്ന വൗച്ചറുകളിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ചെലവുകളുമായി ബന്ധപ്പെട്ട വൌച്ചറുകളോടൊപ്പം ബില്ലുകളുടെ ഫോട്ടോ കോപ്പി മാത്രമാണ് സൂക്ഷിക്കുന്നത്. അസൽ ബില്ലുകൾ സ്ഥാപനത്തിന് തിരികെ നല്കുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്.

വൗച്ചറുകളുടെ സൂക്ഷിപ്പ് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഒരു സാമ്പത്തികവർഷത്തെ എല്ലാ ചെലവുകളുടേയും വിവരം രേഖപ്പെടുത്തുന്ന ബിൽരജിസ്റ്ററിന്റെ സൂക്ഷിപ്പ് ഒട്ടും തൃപ്തികരമല്ല. ചെലവുകൾ നടക്കുന്ന ക്രമത്തിൽ ഓരോ മാസത്തേയും ബില്ലുകൾ തീയതി, ബിൽനമ്പർ, ചെലവിന്റെ ഉദ്ദേശ്യം വൗച്ചർ നമ്പർ, ചെക്ക്/ഡി.ഡി.നമ്പർ എന്നിവ സഹിതം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വർഷത്തിന്റെ അവസാനമാസങ്ങളിൽ തുകകൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

<u>കംപ്യൂട്ടർ / അനുബന്ധഉപകരണങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>

ഗ്രാമ പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, യു.പി.എസ്. തുടങ്ങിയ ഉപകണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ -ൽ ചേർത്തിട്ടുണ്ടെങ്കിലും സെക്രട്ടറി ഒപ്പുവെച്ച് ആധികാരികമാക്കിയിട്ടില്ല. കൂടാതെ 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കംപ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ടി ഉപകരണങ്ങൾ ഇപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ മുഴവൻ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2017 | 06/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2017 | 2012-13-2016-17 | “ |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികകളുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ്സ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 40,23,163/-രൂപയും തൻവർഷവരവ് 6,23,87,797/-രൂപയും തൻവർഷത്തെ ചെലവ് 5,81,84,239/-രൂപയും വർഷാവസാനബാക്കി 82,26,721/-രൂപയുമാണ്. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം 14,23,00,181/-രൂപയും ആകെ ചെലവ് 13,28,85,073/-രൂപയുമാണ്. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ(Prior Period Items) അധിക വരുമാനമായി കണക്കാക്കിയ 15,62,591/-രൂപ ഉൾപ്പടെയുള്ള പ്രവർത്തന മിച്ചം 1,09,77,699/-രൂപയുമാണ്. 31.3.2017 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 5,73,03,258/-രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 4,82,28,958/-രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽട്ടുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യസ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിൽ വിശകലനം ചെയ്തതിലും പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ബി-9 ഷെഡ്യൂളിലെ അഡ്വാൻസായി ലഭിച്ച വരവിനങ്ങളുടെ(തൊഴിൽ നികുതി- ട്രേഡേഴ്സ്, ഡി & ഒ) കൃത്യത വ്യക്തമല്ല.

3.ബി- 15 ഷെഡ്യൂളിലെ കിട്ടാനുള്ള തുകകൾ(Sundry Debtors) പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളുമായി

പൊരുത്തപ്പെടുന്നില്ല(തൊഴിൽ നികുതി- ട്രേഡേഴ്സ്)

4. വാർഷിക കണക്ക് പ്രകാരമുള്ള അക്രൂ ചെയ്ത വരവിനങ്ങൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തുനികുതി, തൊഴിൽ നികുതി- ട്രേഡേഴ്സ്, ഡി & ഒ)

5. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ക്രമീകരിക്കാത്ത മുൻകൂറുകൾ മുഴുവനും ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല(വിശദാംശം ഖണ്ഡിക 4-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)
6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരുപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
7.വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ബി- 15 ഷെഡ്യൂളിലെ വസ്തുനികുതി - തൻവർഷ, കുടിശ്ശിക കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
8.എല്ലാ ബി ഫണ്ട് തുകകളും വരവവിലും ചെലവിലും ഉൾപ്പെടുന്നില്ല (ഉദാ:-സാധുക്കളായ വിധവകളുടെ പെൺമക്കളുടെ ധനസഹായം- 1,50,000/- രൂപ)
9. പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

## 2-2 കാലാവധി കഴിഞ്ഞിട്ടും പണമായി മാറ്റാത്ത ചെക്കുകൾ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 31.3.2017ൽ നടത്തിയ തനതുഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക (രൂപ) |
|---|---|
| 42534,01.06.2016 | 600 |
| 42391,05.12.2015 | 1,000 |

ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചേയ്യേണ്ടതുമാണ്.

## 2-3 വസ്തു നികുതി- കുറഞ്ഞ നിരക്കിൽ ഈടാക്കി

ശ്രീ.ശിവപ്രസാദ് ടി.കെ., നന്ദനം എന്നയാളുടെ വ്യവസായിക ആവശ്യത്തിനുപയോഗിക്കുന്ന 14/490എ നമ്പർ കെട്ടിടത്തിന് മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെൻറ് ആക്ട്, 2006 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ എം.എസ്.എം.ഇ രജിസ്ട്രേഷൻ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ടി രജിസ്റ്ററേഷനുള്ള കെട്ടിടങ്ങൾക്ക് 25/ച.മി നിരക്കിലും വ്യവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 50/ച.മി നിരക്കിലുമാണ് ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന വസ്തു നികുതി കണക്കാക്കുന്നത്.
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി (ഈടാക്കിയത്) | അടിസ്ഥാന വസ്തു നികുതി (ഈടാക്കേണ്ടത്) |
|---|---|---|---|
| 14/140എ | 100 ച.മീ | 25*100=2500 രൂപ | 50*100=5000 രൂപ |

രേഖകളില്ലാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.17/15.7.17) മറുപടിയായി എം.എസ്.എം.ഇ രജിസ്ട്രേഷന്റെ പകർപ്പുകൾ ശ്രീ.ശിവപ്രസാദിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു. ആയത് ലഭ്യമാക്കുകയോ വ്യവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിങ്ങളുടെ നിരക്കിൽ വസ്തു നികുതി ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ആതുരാശ്രമം ഇംഗ്ലീഷ് മീഡിയം യു.പി സ്കൂൾ എന്ന സ്ഥാപനത്തിലെ താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്/തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് (ഇരു പാദങ്ങളിലും) |
|---|---|---|---|---|---|
| 1 | അപർണ്ണ, ടീച്ചർ | 20,442 | 120 | 180 | 120 |
| 2 | ദീപ എ., ടീച്ചർ | 20,184 | 120 | 180 | 120 |
| 3 | നിർമ്മല കെ.ആർ., ടീച്ചർ | 20,184 | 120 | 180 | 120 |
| 4 | സന്ധ്യ രാജ്, സ്വീപ്പർ | 18,888 (രണ്ടാം പാദം) | 120 (രണ്ടാം പാദം) | 180 (രണ്ടാം പാദം) | 60 (രണ്ടാം പാദം) |
| ആകെ | | | | | 420 |

കുറവ് വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്/തസ്തിക | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | തുക | അടക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | സോമിയ പി.എസ്., അസിസ്റ്റന്റ് മാനേജർ | മാവേലി സ്റ്റോർ | 1,06,210 | 1000 | രണ്ടാം അർദ്ധ വർഷം |
| 2 | നിർമ്മല ദേവി, അസിസ്റ്റന്റ് കുക്ക് | ശ്രീകൃഷ്ണ ആയുർവേദ ചികിൾസാ കേന്ദ്രം | 34,200 | 300 | രണ്ടാം അർദ്ധ വർഷം |
| 3 | ശ്രീലത എം.കെ., ഹൗസ് കീപ്പിംഗ് | ശ്രീകൃഷ്ണ ആയുർവേദ ചികിൾസാ കേന്ദ്രം | 32,000 | 300 | രണ്ടാം അർദ്ധ വർഷം |
| | ആകെ | | | 1600 | |

3.ഗ്രാമ പഞ്ചായത്ത് ഡി ആൻഡ് ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ഡി ആൻഡ് ഒ ലൈസൻസ് പ്രകാരം) |
|---|---|---|
| 1 | മലയാളി മാർട്ട് ബിഗ് ബസാർ | 4 |
| 2 | കെയർ ആൻഡ് കെയർ അപാരറ്റസ് | 4 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നമ്പർ 14 തീയതി:14.7.17) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 മാസ വാടക ഈടാക്കിയില്ല

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികളിൽ നിന്ന് മാസ വാടക ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലേലം കൊണ്ടയാളുടെ പേര് | മാസ വാടക | വാടക ഒടുക്കാത്ത കാലയളവ് | ആകെ |
|---|---|---|---|---|---|
| 1 | III/535 | പൗലോസ് | 1556 | 3 മാസം (1/17, 2/17,3/17) | 4,668 |
| 2 | XVI/455 | ഷിഹാബുദ്ദീൻ | 5500 | 3 മാസം (8/16, 2/17,3/17) | 16,500 |
| | ആകെ | | | | 21,168 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നമ്പർ 5 തീയതി:12.7.17)കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടകയിനത്തിൽ നാളിതുവരെയുള്ള കുടിശ്ശിക 21,168 രൂപ പലിശ്ശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

2016-17 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യ നികുതി ബൈലോ തയ്യാറാക്കി പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും കോട്ടയം, എറണാകുളം എന്നീ പട്ടണങ്ങൾക്ക് നടുവിലായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് പ്രധാന റോഡുകളും മറ്റ് പല PWD റോഡുകളും കടന്നുപോകുന്നതുമാണ്. ഓഡിറ്റിന്റെ പരിശോധനയിൽ വലുപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. പരസ്യ നികുതി ചുമത്താത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി പരസ്യ നികുതി പിരിച്ചെടുക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ഇ-ടെൻഡർ -ടെൻഡർഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ ചുവടെ ചേർക്കുന്ന വേലകളുടെ ടെൻഡർ ഫോറവില (5% വാറ്റ് ഉൾപ്പെടെ) കരാറുകാർ ഓൺലൈനായി എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ആയതിൽ ഫോറവിലയിനത്തിലുള്ള തുക നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ടെൻഡർ വാങ്ങിയവരുടെ എണ്ണം | ടെൻഡർഫോറവില |
|---|---|---|---|
| 46/17-ചട്ടമ്പിക്കവല- ചാലകം റോഡ് റീടാറിംഗ് | 5,14,226/- | 4 | 1260+5% വാറ്റ് |
| 47/17- ചെട്ടിമംഗലം -ഭജനമഠം -ചാക്കര റോഡ് - ടാറിംഗ് | 7,77,282/- | 3 | 1790+5% വാറ്റ് |
| നേരേകടവ്-ചെമ്മനാകരി റോഡ്ടാറിംഗ് | 6,12,665/- | 3 | 1390++5%വാറ്റ് |
| 55/17-പാണത്താറ-ചിറയിലാഴം റോഡ് ടാറിംഗ് - | 7,64,081/- | 2 | 1790+ 5% വാറ്റ് |

| | | | |
|---|---|---|---|
| 60/17-കുറ്റംവേലി-കളപ്പുരത്തട്ട് റോഡ് ടാറിംഗ് - | 5,38,982/- | 1 | 1260+5% വാറ്റ് |
| 62/17-ഇഞ്ചയ്ക്കൽ- ഉമ്പുങ്കൽ റോഡ് | 6,47,727/- | 2 | 1470+ 5% വാറ്റ് |
| 77/17ഉറുവേലിക്കുന്ന്-പുത്തൻപാലം റോഡ് റീടാറിംഗ് | 4,52,426/- | | 1050 +5% വാറ്റ് |
| 81/17-മണിപ്പാടംപള്ളി-പള്ളിക്കടവ് റോഡ് റീടാറിംഗ് | 5,42,184/-/- | 2 | 1260++5% വാറ്റ് |
| ചെന്നാട്ടുതറ -കോട്ടപ്പള്ളി റോഡ് ടാറിംഗ് | 4,71,392 | 2 | 1050+5% വാറ്റ് |
| 120/17-മുത്തിനിക്കാട് റോഡിൽ കലുങ്ക് നിർമ്മാണം | 11,64,808 | 2 | 5250+5% വാറ്റ് |

മേൽതുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരവും, ഓഡിറ്റ് വേളയിലെയും(10.07.2017) ചുവടെ ചേർക്കുന്ന ശീർഷകങ്ങളോടൊപ്പം കാണിച്ചിട്ടുള്ള തുകകൾ നീക്കിയിരിപ്പുണ്ട്

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 3 | 320200399- Grants funds and contributions for specific purposes | 12,522 |
| 4 | 320300199- Grants funds and contributions for specific purposes- Other Govt. agencies | 60,000 |
| 5 | 320700305- Contributions for specific purposes- from District Panchayats | 54,636 |
| 6 | 320700404- Contributions for specific purposes- from Block Panchayats | 4,99,303 |

പ്രസ്തുത ശീർഷകങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും ഇവ എന്താവശ്യത്തിനു ലഭിച്ചു, എന്ന് ലഭിച്ചു എന്ന വിശദാംശം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2) മറുപടി ലഭ്യമാക്കിയില്ല ഇവ സംബന്ധിച്ച് പരിശോധന നടത്തി വിനിയോഗിക്കുവൻ സാധിക്കാത്ത തുകയെങ്കിൽ സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 2-9 പഞ്ചായത്തിന്റെ യോഗനടപടിക്രമങ്ങൾ- രേഖകൾ തയ്യാറാക്കുന്നതിൽ അപാകതകൾ

2015-16 വർഷത്തെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ യോഗനടപടിക്രമങ്ങളും തീരുമാനങ്ങളും കൃത്യതയോടെ രേഖപ്പെടുത്തി മിനിറ്റ്സ്ബുക്ക് യഥാവിധി ക്ലോസ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. പല പേജുകളും ശൂന്യമായും അടുത്തടുത്ത രണ്ട് പേജുകളുടെ ഇടയിലായി മറ്റ് ബുക്കിൽനിന്നും എഴുതാത്ത പേജിന്റെ ഫോട്ടോകോപ്പിയിൽ തീരുമാനങ്ങൾ എഴുതി ഒട്ടിച്ച് ചേർത്തിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1)22.2.16-ലെ IV(17)-ാം നമ്പർ തീരുമാനപ്രകാരം 'മെഡിക്കൽ ഓഫീസർമാരുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രി വികസനസമിതി രൂപീകരിച്ചു തീരുമാനിച്ചതായി 'പേജ് നമ്പർ 117-ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അംഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2)22.3.16-ൽ കൂടിയ പഞ്ചായത്ത്കമ്മിറ്റിയുടെ യോഗതീരുമാനങ്ങൾ 130 മുതൽ 137 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയതിനു ശേഷം 181 വരെയുള്ള പേജുകൾ രേഖപ്പെടുത്തലുകളൊന്നുമില്ലാതെ നിലനിർത്തിക്കാണുന്നു.

നോട്ടീസ്ബുക്ക് പ്രകാരമുള്ള 4 ആലോചനാവിഷയങ്ങളിൽ 3 എണ്ണത്തിൻമേലുള്ള തീരുമാനം മാത്രമേ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. 181-ാം പേജ് മുതൽ 20.4.16-ലെ യോഗതീരുമാനങ്ങളാണ് രേഖപ്പെടുത്തിയിട്ടുണ്ട്.

3)11.8.16-ലെ കമ്മിറ്റിയുടെ 1 മുതൽ 13 വരെയുള്ള തീരുമാനങ്ങൾ 46 മുതൽ 54 രെയുള്ള പേജുകളിൽ രേഖപ്പെടുത്തിയതിനുശേഷം 14 മുതൽ 21 വരെയുള്ള തീരുമാനങ്ങൾ പ്രത്യകം പേപ്പറുകളിൽ(മറ്റൊരു മിനിറ്റ്സ് ബുക്കിലെ 294 എന്ന് പേജ് നമ്പർ മാത്രം രേപ്പെടുത്തിയിട്ടുള്ള പേപ്പറിന്റെ ഫോട്ടോകോപ്പികൾ)എഴുതി 54,55 പേജുകൾക്കിടയിൽ ഒട്ടിച്ചുചേർത്തിരിക്കുന്നു.

4) വാർഷികപദ്ധതി രൂപീകരണവുമായും ഇതരവിഷയങ്ങളുമായും ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ വിവിധ തീയതികളിൽ നടത്തുന്നതിന് തീരുമാനമെടുത്തതായി പരാമർശിക്കുന്നുണ്ടെങ്കിലും തീയതികളും നടപടിക്രമങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലാത്ത സന്ദർഭങ്ങളുമുണ്ട്.

5)സകർമ്മക സോഫ്റ്റ്‌വെയർ ആരംഭിച്ചതിനുശേഷമുള്ള യോഗമിനിറ്റ്സുകൾ യഥാവിധി ക്ലോസ്ചെയ്ത് ആധികാരികമാക്കിയിട്ടില്ല.

എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ യോഗ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിലും സൂക്ഷിക്കുന്നതിലും 1995-ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

## 2-10 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി

ഗ്രാമപഞ്ചായത്തിലെ സഞ്ചയ പ്രോപ്പർട്ടി ടാക്സ് റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ മൊബൈൽ കമ്മ്യൂണിക്കേഷൻ ടവർ എന്ന ഗണത്തിൽപ്പെടുത്തി ഒരു കെട്ടിടം മാത്രമേ അസ്സസ്സ് ചെയ്തിട്ടുള്ളൂ എന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീറ്റർ) | നിർണ്ണയിച്ച വസ്തുനികുതി(രൂപ) |
|---|---|---|---|
| V/406 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാടിവട്ടം, കൊച്ചി | 14 | 4900- ച.മീറ്ററിന് 500 രൂപ, മേഖല ഇളവ് 10%, വഴിസൗകര്യം ഇളവ് 20% |

ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ, ഇതു കൂടാതെ മറ്റ് വാർഡുകളിലും മൊബൈൽ ടവറുകളുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ അറിയിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്ക് അറ്റകുറ്റപ്പണി-കെ.എസ്.ഇ.ബി-യുടെ നിരക്കിനേക്കാൾ അധികനിരക്കിൽ പ്രവൃത്തി നടപ്പാക്കി

2016-17 വർഷം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി 4,00,000/-രൂപ വകയിരുത്തി അംഗീകാരം വാങ്ങിയിരുന്നു. 10 വാർഡുകളിലെ വിവിധ പോസ്റ്റുകളിലായി സിങ്കിൾ ട്യൂബ്സെറ്റും സി.എഫ്.എൽ വിളക്കുകളും അഴിച്ചുമാറ്റി റിപ്പയർ ചെയ്തതിനുശേഷം പുന:സ്ഥാപിച്ച ഇനത്തിൽ കരാറുകാരൻ 2,58,300/-രൂപയുടെ ബിൽ സമർപ്പിച്ചതിൽ അഡ്വാൻസായി (40% തുക) 1,01,520/- രൂപ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിസോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 4,00,000/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന പ്രസ്തുത പ്രോജക്റ്റിനായി ഒരു പ്രാദേശിക ദിനപ്പത്രത്തിൽ വിൻഡോപരസ്യം നൽകിയിരുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെൻഡറുകൾ ലഭിച്ചുവെങ്കിലും കെ.എസ്.ഇ.ബി.യുടെ അംഗീകൃത കരാറുകാരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ലാതിരുന്നതിനാൽ ടെൻഡർ നിരസിക്കുകയായിരുന്നുവെന്ന് എക്സിറ്റ് മീറ്റിംഗിൽ ബഹു.പ്രസിഡന്റ് വ്യക്തമാക്കുകയുണ്ടായി. എന്നാൽ

ഇപ്രകാരം സമർപ്പിക്കപ്പെട്ട ടെൻഡറുകളുടെ വിവരം ഫയലിൽ ലഭ്യമാക്കിയില്ല.

2. പ്രോജക്ട് ഫയലിൽ ലഭ്യമായിരുന്ന ശ്രീ.വി.കെ.ഷാജി എന്നയാൾ സമർപ്പിച്ച എക ടെൻഡറിൽ സിങ്കിൾ ട്യൂബ്സെറ്റ്, എൽ.ഇ.ഡി ബൾബ് എന്നിവ അഴിച്ച് മെയിന്റനൻസ് നടത്തി പുനസ്ഥാപിച്ച ഇനത്തിൽ കരാറുകാരൻ രേഖപ്പെടുത്തിയിരുന്നത് യഥാക്രമം 900/-രൂപയും 300-രൂപയും വീതമായിരുന്നു. എന്നാൽ വൈക്കം കെ.എസ്.ഇ.ബി- സെക്ഷൻ ലഭ്യമാക്കിയിട്ടുള്ള വർക്ക് എസ്റ്റിമേറിൽ ഇപ്രകാരമൊരു നിരക്ക് ഉൾപ്പെട്ടിട്ടില്ല.
3. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ഫ്ലൂറസെന്റ് ലാമ്പുകൾ/സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2016-17 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 444 തെരുവ് വിളക്കുകളുടെ (191 സിങ്കിൾ ട്യൂബ്സെറ്റ് + 273 സിഎഫ്.എൽ വിളക്കുകൾ) അറ്റകുറ്റപ്പണി നടത്തിയതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ, സാക്ഷ്യപ്പെടുത്തിയത് പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്തിരുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണുണ്ടായത്.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ (എൻക്വയറി നം-20) മറുപടി പൂർണ്ണമല്ല. എന്നാൽ ഉദയനാപുരത്തെ പ്രാദേശിക ഉത്സവകാലമായതിനാൽ ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ഷാജി എന്ന കരാറുകാരനെത്തന്നെ പ്രവൃത്തി എൽപ്പിക്കാൻ തീരുമാനിക്കുകയായിരുന്നുവെന്ന് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ 15.09.2011ലെ തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറിംഗും മെയിന്റനൻസും) ടെൻഡറിംഗിലൂടെ നടപ്പാക്കുന്നത് സംബന്ധിച്ച 3055/ഡി എ 3/2011/ത.സ്വ.ഭ.വ നമ്പരായുള്ള സർക്കുലറിലെ ഖണ്ഡിക 2(ബി) പ്രകാരം വഴിവിളക്കുകളും അനുബന്ധസാമഗ്രികളും സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്രദേശം കെ.എസ്.ഇ.ബി.യിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ വ്യക്തമായ പരാമർശം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തി ആയതനുസരിച്ച് മാത്രം ഭാവിയിൽ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.

## 3-2 <u>ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ 16.11.13-ലെ (എം.എസ്.) 362/2013, 25.6.14-ലെ (എം.എസ്) 112/2014 എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ 17 വാർഡുകളുള്ള പഞ്ചായത്തിന്റെ ഒരു വാർഡിൽപ്പോലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. 11 വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം നിശ്ചയിച്ചുകൊണ്ട് 11.8.2016-ലെ പഞ്ചായത്തുകമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും (തീരുമാനം നം-III(8)) പിന്നീട് ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾക്ക് സ്ഥലം കണ്ടെത്തി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹു.പ്രസിഡന്റ് അറിയിച്ചിട്ടുണ്ട് .

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 <u>2016-17 വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ യഥാർത്ഥ ചെലവും, ചെലവു പത്രിക(സുലേഖ സോഫ്റ്റ്വെയറിൽ ജനറേറ്റ് ചെയ്തത്) പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു</u>

1. 2016-17 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രകാരമുള്ള പദ്ധതികളുടെ ഗുണഭോക്തൃവിഹിതമിനത്തിലുള്ള ചെലവ്(ഗുണഭോക്താക്കൾ പഞ്ചായത്തിൽ അടവാക്കുന്നത്) ചെലവ് പത്രിക(സുലേഖ സോഫ്റ്റ്വെയറിൽ ജനറേറ്റ് ചെയ്തത്) പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഗുണഭോക്തൃവിഹിതം വകയിരുത്തിയത് | യഥാർത്ഥ ചെലവ് | ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (മറ്റുള്ളവ) |
|---|---|---|---|
| 124/16-17- ജൈവ പച്ചക്കറി കൃഷി- വനിത ഗ്രൂപ്പ് | 90,000 | 0 | 90,000 |
| 125/ബഡ് ജാതി, തെങ്ങുംതൈ വിതരണം- എസ് സി | 62,500 | 0 | 20,060 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8) സുലേഖയിലും സാംഖ്യയിലും തിരുത്തലുകൾ നടത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആവശ്യമായ മാറ്റം വരുത്തി വിശദാംശം ഹാജരാക്കേണ്ടതാണ്.

2. വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ട് നം.-181/16-17- ആട്ട വളർത്തൽ(എസ്.സി വിഭാഗം) എന്ന പ്രോജക്ടിൽ മറ്റുള്ളവ എന്ന ഇനത്തിൽ വകയിരുത്തിയത് 1,62,000 രൂപയും ടിയിനത്തിലുള്ള ചെലവായി ചെലവുപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 3,24,000 രൂപയുമാണ്. അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല(നം.8). അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-4-1 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പഠനോപകരണ വിതരണ പ്രോജക്ടുകൾ- വിതരണക്കാരന് അധികമായി തുക നൽകി

| പ്രോജക്ട് | 12/17- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 17/17- പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
|---|---|---|
| അടങ്കൽ | 3,00,000- വികസന ഫണ്ട്- എസ് സി പി | 49,000- വികസന ഫണ്ട്- ടി എസ് പി<br>5000- തനത് ഫണ്ട് |
| ചെലവ് | 3,00,000-ബിൽ നം.1171/16-17, 31.03.2017 | 16,000- ബിൽ നം. 1143/16-17, 21.03.2017<br>4,000- ബിൽ നം.1180/16-17, 31.03.2017 |

മേൽ പരാമർശിത പ്രോജക്ടുകൾ പ്രകാരം പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ നേടിയത് സിയോൺ ഏജൻസീസ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനമാണ്(മേശ- 2480/-, കസേര- 1480/-- ഗ്രാമപഞ്ചായത്ത് പ്രോക്യൂവർമെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ 22.01.2017ലെ 6,7 നമ്പർ തീരുമാനങ്ങൾ). 75 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യാനായി വികസനഫണ്ടിൽ നിന്നും 3,00,000 രൂപയും, 5 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യാനായി വികസനഫണ്ടിൽ നിന്നും 20,000 രൂപയുമാണ് പിൻവലിച്ചിരിക്കുന്നത്. അംഗീകരിച്ച നിരക്ക് പ്രകാരം നൽകേണ്ടിയിരുന്നത് യഥാക്രമം 29,700 രൂപയും(75x3960), 19800 രൂപയുമാണ്(5x3960). ഇപ്രകാരം ആകെ 3,200 രൂപ സ്ഥാപനത്തിന് അധികം നൽകിയിരുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ(നം.20) അധികം നൽകിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്(രസീത് നം.117030101011, 117030101011/17.07.2017). ടി തുക സഞ്ചിത നിധിയിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 3-4-2 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

പ്രോജക്റ്റ് നം. SO 20/17 (ഓട്ടോറിക്ഷ വാങ്ങൽ - എസ്.സി.) പദ്ധതി

വൗച്ചർ നം. 21600855/25.03.2017 പ്രകാരം ശ്രീ.ശരത് എസ്., ആറുകണ്ടത്തിൽ, വൈക്കം എന്ന ഗുണഭോക്താവിന് ഓട്ടോറിക്ഷ വാങ്ങുന്നതിനായി 50,000/- രൂപ സബ്സിഡി അനുവദിച്ചിരുന്നു. എന്നാൽ അപേക്ഷയോടൊപ്പം വാഹനം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിരുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.13) മേൽപറഞ്ഞ ഗുണഭോക്താവ് വാഹനം വാങ്ങാതിരുന്നതിനാൽ സബ്സിഡി ആയി ട്രാൻസ്ഫർ ചെയ്ത തുക ലോൺ അനുവദിച്ച ബാങ്കായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, വൈക്കം ശാഖയിൽ നിന്നും തിരികെ പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ.വൈക്കം-67393217247) 01.06.17 ൽ വരവ് വെച്ചിട്ടുണ്ട്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർമാരുടെ പ്രോജക്ടുകളിലെ അപാകതകൾ

1. പ്രോജക്ട് : 155/16-17:- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 2,00,000

ചെലവ് : 2,00,000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ : 1/16-17 തീയതി : 15.02.2017

മേൽ പ്രോജക്ട് പ്രകാരം ഉദയനാപുരം ഹോമിയോ ആശുപത്രിക്ക്, മരുന്ന് വാങ്ങുന്നതിനായി 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് നാളിതുവരെ 48,650 രൂപക്കുള്ള മരുന്നുകൾ സ്ഥാപനത്തിന് ലഭ്യമായിട്ടില്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ 48,650 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നമ്പർ 136/16-17:- ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 5,00,000

ചെലവ് : 5,00,000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ആയുർവേദം)

ബിൽ നമ്പർ : 1/16-17 തീയതി : 28.12.2017, 5,00,000 രൂപ

മേൽ പ്രോജക്ട് പ്രകാരം ആയുർവേദ ആശുപത്രി, ഉദയനാപുരത്തിന് മരുന്ന് വാങ്ങുന്നതിനായി 5,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 2,36,353 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് കാണുന്നു.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറികൾക്ക് (എൻക്വയറി നമ്പർ യഥാക്രമം 18/15.7.17, 19/15.7.17)മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ 2,36,353 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം 173/17

അടങ്കൽ 46,000(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)

ചെലവ് 45,000 ബിൽ നം.03/28.03.2017

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം കംപ്യൂടെക് സിസ്റ്റംസ്, സെയിൽസ് & സർവ്വീസ്, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും 1 ഡെസ്ക്ടോപ്പ് കംപ്യൂട്ടർ(Pentium Dual Core processor, 4 GB RAM, 500 GB Hard Disk), ലേസർ പ്രിന്റർ(Canon MF 3010), യു.പി.എസ്(I-Ball 621 VA)വാങ്ങിയിട്ടുണ്ട്. 03.07.2012-ലെ സ.ഉ.(സാധാ)1838/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ വാങ്ങുന്ന കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാധനങ്ങൾക്കും 5 വർഷത്തെ പരിപൂർണ വാറന്റി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ സ്ഥാപനവുമായി ചമച്ചിട്ടുള്ള കരാറിൽ വാറന്റി സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. കമ്പ്യൂട്ടർ സാമഗ്രികൾക്ക് സർക്കാർ നിശ്ചയിച്ച വാറന്റി കാലയളവ് ഉറപ്പാക്കിയിട്ടില്ലാത്തതിനാൽ തകരാർ സംഭവിക്കുന്നപക്ഷം പൊതു ധനം അനാവശ്യമായി വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആകെ ചെലവായ 45,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സാനിട്ടറി യൂണിറ്റ്- ഗുണഭോക്താക്കൾ നിർമ്മാണം

പൂർത്തിയാക്കാനവശേഷിക്കുന്നു

| പ്രോജക്റ്റ് നം. | നിർവഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|
| 44/17 | വി.ഇ.ഒ | റ്റി.എസ്.സി 1020000 | 600000 |

മുൻവർഷം പ്രോജക്റ്റ് നം. 30/16 ആയി ആവിഷ്കരിച്ച് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കതിരുന്നതിനാൽ സ്പിൽ ഓവർ ആയി നടപ്പാക്കിയതായിരുന്നു(2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13). തൻ വർഷം റ്റി എസ് സി വിഹിതം വകയിരുത്തി 13,400 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്(ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു). കരാർ വെച്ച 75 പേരിൽ ആകെ 67 പേർ നിർമ്മാണം പൂർത്തിയാക്കി. എഗ്രിമെന്റ് വെച്ച മുഴുവൻ ഗുണഭോക്താക്കളുടേയും സാനിട്ടറി യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്. 17.07.2017 ൽ വി ഇ ഒയുടെ പേരിലുള്ള റ്റി എസ് സി വിഹിതം സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (എസ് ബി ഐ വൈക്കം അക്കൗണ്ട് നം.67027500697)1,34,311 രൂപ നീക്കിയിരിപ്പുണ്ട്.

## 3-8 ഇ.എം.എസ് ഭവനപദ്ധതി

ഇ.എം.എസ് ഭവനപദ്ധതി പ്രകാരം കരാറിലേർപ്പെട്ട് നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | സ്റ്റേജ് |
|---|---|---|---|---|
| 1 | പവിത്രൻ, മണലേൽ | 52,500 | 30.03.2012 | അടിത്തറ |
| 2 | രാജൻ, വെളിയിൽ | 52,500 | 13.06.2011 | ഭിത്തിപ്പുറം |
| 3 | സദൻ കെ., മാലിയേൽ | 52,500 | 28.04.2011 | അടിത്തറ |
| 4 | രാധ, കോണത്തോടി | 52,500 | 19.07.2011 | അടിത്തറ |
| 5 | ത്രേസ്യ, കുരുവിലേക്കാട് | 52,500 | 28.04.2011 | അടിത്തറ |
| 6 | പി.റ്റി.ചാക്കോ, പനന്തറയിൽ | 22,500 | 19.03.2011 | അടിത്തറ |
| 7 | പ്രസന്നൻ, പതിനെട്ടിൽ | 52,500 | 21.03.2011 | അടിത്തറ |
| 8 | തുളസി, നികർത്തിൽ | 52,500 | 22.12.2010 | അടിത്തറ |
| 9 | ലക്ഷ്മിക്കുട്ടി, മണപ്പറമ്പിൽ | 52,500 | 14.09.2010 | അടിത്തറ |
| 10 | പ്രദീപൻ, നടുത്തട്ടിൽ | 52,500 | 31.01.2011 | അടിത്തറ |
| 11 | പുഷ്പ പ്രകാശ്, ചിത്തിരഭവൻ | 52,500 | 02.11.2010 | അടിത്തറ |
| 12 | ഷാജി, തുരുത്തേൽ | 52,500 | 28.04.2013 | അടിത്തറ |
| 13 | ബാബു എസ്., പുത്തൻതറ | 52,500 | 02.12.2010 | അടിത്തറ |
| 14 | രവി, വലിയതറയിൽ | 52,500 | 31.08.2010 | അടിത്തറ |
| 15 | ബേബി, പുത്തൻതറയിൽ | 52,500 | 07.01.2011 | അടിത്തറ |
| 16 | സുധീർകുമാർ, ചിത്തിരവിലാസം | 22,500 | 15.06.2010 | അടിത്തറ |
| 17 | ചക്രപാണി, കുര്യപ്പള്ളി | 52,500 | 05.08.2010 | അടിത്തറ |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 മരാമത്തുപ്രവൃത്തികൾ- ഫയൽപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2016-17 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്തുവേലകളുടെ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)നികുതി റിക്കവറികൾ കണക്കാക്കുന്നതിന് യഥാർത്ഥ വേലമൂല്യം അടിസ്ഥാനമാക്കിയില്ല.

പ്രവൃത്തിയുടെ ആകെ മൂല്യത്തിൻമേലാണ് റിക്കവറികൾ കണക്കാക്കേണ്ടത് എന്നിരിക്കെ തൻവർഷം നടപ്പാക്കിയ എല്ലാ പ്രവൃത്തികളുടേയും ആകെവേലമൂല്യത്തിൽ നിന്നും ടാർവീപ്പകളുടെ വില കിഴിച്ചുള്ള തുകയിൻമേലാണ് നികുതി റിക്കവറികൾ കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ വാറ്റ്, ഐ.റ്റി, ക്ഷേമനിധിവിഹിതം എന്നീയിനങ്ങളിൽ കണക്കാക്കിയ തുകകൾ കുറവ് വരികയും ടി തുക കരാറുകാരന് അധികമായി ലഭിക്കുന്നതിനും ഇടയായി. നിലവിലുള്ള നിർദ്ദേശമനുസരിച്ചാണ് ഇപ്രകാരം കണക്കാക്കിയതെന്നും ഭാവിയിൽ ഓഡിറ്റ്നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റിക്കവറി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം നിർദ്ദേശം ലഭിച്ചതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ബാരൽവില കുറവുചെയ്തതിനുശേഷം റിക്കവറികൾ കണക്കാക്കിയാൽ മതിയെന്ന സർക്കാർ ഉത്തരവ് നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യത്തെ അടിസ്ഥാനമാക്കി ത്തന്നെ നികുതികൾ ഈടാക്കേണ്ടതാണ്.

2)എസ്റ്റിമേറ്റിൽ വകയിരുത്തിയ സേവനനികുതി സർക്കാരിലേക്കടവാക്കിയില്ല.

2016-17 വർഷം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിരുന്ന സേവനനികുതി തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്കടവാക്കേണ്ടതിനുപകരം പഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ കണ്ടു.

| പ്രോജക്ട് | ആകെ വേലമൂല്യ | സേവനനികുതി വകയിരുത്തിയത് | ഈയിനത്തിൽ പിൻലിച്ച തുക |
|---|---|---|---|
| 92/17-ഗ്രാമ ന്യായാലയം ഓഫീസ് നിർമ്മാണം | 4,16,820/- | 10.5% | 43,766/- |
| 93/17-ഗ്രാമന്യായാലയം-കോർട്ട്ഹാൾ നിർമ്മാണം | 4,24,193/- | 6.00% | 25,452/- |
| 168/17-ഗ്രാമന്യായാലയം -പൂർത്തീകരണം | 3,36,995/- | | 32,554/- |

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം- 15) ലഭ്യമാക്കിയ മറുപടിയിൽ കൺവീനർമാർക്ക് നിലവിൽ സേവനനികുതി നേരിട്ട് അടയ്ക്കുന്നതിന് സംവിധാനം ലഭ്യമല്ലാത്തതിനാലാണ് ഈയിനത്തിൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും ടി തുക പിൻവലിച്ച് അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ട് വഴി ബന്ധപ്പെട്ട സ്ഥാപനത്തിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സേവനനികുതിയിനത്തിൽ കണക്കാക്കിയ തുക ട്രഷറിയിൽനിന്നും പിൻവലിച്ചത് നിശ്ചിത ശീർഷകത്തിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) സേവനനികുതി കണക്കാക്കുന്നതിന് പ്രവൃത്തിയുടെ ആകെ മൂല്യം അടിസ്ഥാനമാക്കിയില്ല.

ആകെ വേലമൂല്യത്തിനെ അടിസ്ഥാനമാക്കിയാണ് സേവനനികുതി കണക്കാക്കേണ്ടത് എന്നിരിക്കെ ചുവടെ ചേർക്കുന്ന പ്രോജക്ടിന് വേലമൂല്യത്തിൽനിന്നും വാറ്റ് ,ഐ.റ്റി, മുതലായ റിക്കവറികൾ നടത്തിയതിനു ശേഷമുള്ള തുകയിൻമേലാണ് സേവനനികുതി കണക്കാക്കിയിട്ടുള്ളത്. പ്രോജക്ട് - 168/17ഗ്രാമന്യായാലയം പൂർത്തീകരണം.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ മൂല്യം | സേവനനികുതിയുടെ ശതമാനം | ആകെ റിക്കവറി തുക | അടവാക്കേണ്ട സേവനനികുതി | കണക്കാക്കിയ സേവനനികുതി |
|---|---|---|---|---|
| 336995 | 10.50% | 26,960 | 35,384/- | 32,554/- |

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം-15) ലഭ്യമാക്കിയ മറുപടിയിൽ നിലവിലുള്ള നിർദ്ദേശപ്രകാരമാണ് റിക്കവറികൾ കുറച്ചതിനുശേഷമുള്ള തുകയിൻമേൽ സേവനനികുതി കണക്കാക്കിയത് എന്ന് വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഇപ്രകാരമൊരു നിർദ്ദേശം നൽകുന്നതിനടിസ്ഥാനമായ സർക്കാർ ഉത്തരവ് നിലവിലില്ലാത്തതും അധികാരസ്ഥാനത്തുനിന്നും ഈവിഷയം സംബന്ധിച്ച് രേഖാമൂലമുള്ള നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതുമാണ്. മാത്രമല്ല സേവനനികുതി വകയിരുത്തിയ മറ്റ് രണ്ട് പ്രോജക്ടുകൾക്കും ആകെ

മൂല്യത്തിൻമേൽത്തന്നെയാണ് സേവനനികുതി കണക്കാക്കിയിട്ടുള്ളതും.

മേൽ സാഹചര്യത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യത്തെ അടിസ്ഥാനമാക്കിത്തന്നെ എല്ലാ നികുതി റിക്കവറികളും നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

4)ബാരൽ വിലയിൻമേലുള്ള വാറ്റ് അടവാക്കപ്പെടുന്നില്ല.

ബാരൽവില 5% വാറ്റുൾപ്പെടെ ഈടാക്കി ഏത് ഫണ്ടിൽനിന്നാണോ ചെലവ് നടത്തുന്നത് അതേ ഫണ്ടിലേക്ക് ബാരൽവിലയും വാറ്റ്തുക ബന്ധപ്പെട്ട സ്ഥാപനത്തിലേക്കും അടവാക്കേണ്ടതാണ്. എന്നാൽ ബാരൽവില (വാറ്റുൾപ്പെടെ) കിഴിച്ചുള്ള തുക മാത്രമേ ട്രഷറിയിൽനിന്നും പിൻവലിക്കപ്പെടുന്നുള്ളൂ എന്നതിനാൽ വാറ്റിനത്തിലുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നില്ല. ഭാവിയിൽ അപാകത ആവർത്തിയ്ക്കുകയില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5)ബാരൽവില ഈടാക്കിയത് സർക്കിലേക്കടവാക്കിയില്ല.

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടപ്പാക്കിയ മുട്ടുകൽ മുത്താക്കോണിൽ റോഡ്ടാറിംഗ് പ്രവൃത്തിക്ക് ബാരൽവിലയിനത്തിൽ കിഴിവുചെയ്ത 1,092/-രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച്പഞ്ചായത്തിന്റെ തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്തു. ബാരൽവില, വാറ്റ് എന്നിവ നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

6)ബാരൽവില ഈടാക്കിയില്ല.

സബ്സ്റ്റേഷൻ വടക്കേടം റോഡ്ടാറിംഗ് പ്രവൃത്തിക്ക് വി.ജി.-30 പാക്ക്ഡ് ബിറ്റുമിനും, ആർ.എസ്.1 എമൽഷനുമായി ആകെ 10 വീപ്പ ടാർ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ വീപ്പവിലയും വാറ്റും ഉൾപ്പെടെയുള്ള 2,499/-രൂപ കരാറുകാരന്റെ ബില്ലിൽനിന്നും കുറവുചെയ്തില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബാരൽവില കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരനിൽനിന്നും ആയത് ഈടാക്കി അടവാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-10-1 ആശ്രയ പദ്ധതി

2003 വർഷം ആരംഭിച്ച ആശ്രയ പദ്ധതി ഒന്നാം ഘട്ടം 2006 വർഷം അവസാനിച്ചിരുന്നു. തുടർന്ന് 108 കുടുംബങ്ങളിലെ ഉൾപ്പെടുത്തി 2010 ൽ ടി പ്രോജക്ട് റിവൈസ് ചെയ്ത് തുടർസേവന പ്രോജക്ട് തയ്യാറാക്കിയെങ്കിലും സർക്കാർ അംഗീകാരം ലഭിച്ചില്ല. പ്രോജക്ട് വീണ്ടും റിവൈസ് ചെയ്തെങ്കിലും സർക്കാർ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ (ഉദയനാപുരം സർവ്വീസ് സഹകരണ ബാങ്ക് വല്ലകം ശാഖ) 31.3.17 ൽ 11,91,170 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 3,68,151 രൂപ ചലഞ്ച് ഫണ്ട്, 1,35,739 രൂപ വികസന ഫണ്ട്, 3,89,223 രൂപ പലിശയുമാണ്. കൂടാതെ കമ്പ്യൂട്ടർ ഫണ്ട് എന്ന ഇനത്തിൽ 1,24,541 രൂപയും എസ് സി എ ഫണ്ട് എന്ന ഇനത്തിൽ 1,73,516 രൂപയുടെയും വിനിയോഗം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ചിലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗം സംബന്ധിച്ച നിർദേശം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സഹായം ഒന്നും തന്നെ നൽകുന്നില്ല, മാത്രവുമല്ല വികസന ഫണ്ട് ഇനത്തിലുള്ള തുക വിനിയോഗിക്കുവാൻ സാധിച്ചിട്ടുമില്ല. പദ്ധതി പ്രകാരം ലഭ്യമാക്കിയ സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സേവനങ്ങൾ | സേവനങ്ങൾ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമാകുവാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|
| ഭവനപുനരുദ്ധാരണം | 06 | - | 06 |
| ഭക്ഷണം | 17 | 17 | - |
| ഭവനനിർമ്മാണം | 77 | 43 | 34 |
| വീട് വെയ്ക്കുവാൻ സ്ഥലം | 25 | - | 25 |

| | | | |
|---|---|---|---|
| കുടിവെള്ളം | 67 | - | 67 |
| വൈദ്യുതി | 77 | 1 | 76 |
| ചികിത്സ | 58 | - | 58 |
| ഗൃഹോപകരണങ്ങൾ | 16 | - | 16 |
| വിദ്യാഭ്യാസം | 25 | - | 25 |

തുടർ പ്രോജക്റ്റിന് സർക്കാർ അംഗീകാരം നേടി, ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10-2 ആശ്രയ 2-ാം ഘട്ടത്തിനു നൽകിയ പദ്ധതി വിഹിതം കുടുംബശ്രീ അക്കൗണ്ടിൽ നിലനിൽക്കുന്നു

132 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2017-2020 കാലയളവിലേക്കായി ആശ്രയ 2-ാം ഘട്ടം പദ്ധതി തയ്യാറാക്കുകയും സർക്കാർ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ളതും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമാണ്. 2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട്- സാധാരണ വിഹിതം അടങ്കലിൽ നടപ്പാക്കിയ പ്രോജക്ട് നം.105/17 പ്രകാരം 2,00,000 രൂപ സി ഡി എസ് ചെയർപേഴ്സന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരുന്നു(അക്കൗണ്ട് നം.57039414904, എസ്.ബി.ഐ., വൈക്കം ശാഖ- തുക 03.04.2017ൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ആയിട്ടുണ്ട്). 2-ാം ഘട്ടത്തിന് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുക നിലവിൽ പ്രസ്തുത അക്കൗണ്ടിൽ നിലനിൽക്കുകയാണ്. നാളിതുവരെ വിനിയോഗിച്ചിട്ടില്ലാത്തതിനാൽ 2,00,000 തടസ്സപ്പെടുത്തുന്നു.

## 3-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ചുവടെ ചേർക്കുന്ന തുകകൾ തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെക്ക്/വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 141/17- വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വെക്കൽ | സെക്രട്ടറി | 21600850/23.3.17 | 26,060 | 26,060 |
| " " | " " | സെക്രട്ടറി | 21600858/25.3.17 | 4,972 | 4,972 |
| " " | " " | സെക്രട്ടറി | 2160888/29.3.17 | 78,968 | 78,968 |
| " " | 167/17- വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ | സെക്രട്ടറി | 21600875/29.3.17 | 2,48,345 | 2,48,345 |
| " " | " " | സെക്രട്ടറി | 21600874/29.3.17 | 1,28,342 | 1,28,342 |
| " " | " " | സെക്രട്ടറി | 21600908/31.3.17 | 1,530 | 1,530 |
| " " | " " | സെക്രട്ടറി | 21600908/31.3.17 | 21,658 | 21,658 |
| " " | " " | സെക്രട്ടറി | 21600909/31.3.17 | 2,40,000 | 2,40,000 |
| " " | " " | സെക്രട്ടറി | 21600872/29.3.17 | 8,81,150 | 8,81,150 |
| കേരള വാട്ടർ അതോറിറ്റി | 21/17- തിടിലയിൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ | അസിസ്റ്റന്റ് സെക്രട്ടറി | 21600819/16.3.17 | 1,25,000 | 1,25,000 |
| " " | 175/17-വെണ്മട്ടിൽ-ആറുകണ്ടം പൈപ്പ് ലൈൻ നീട്ടൽ | അസിസ്റ്റന്റ് സെക്രട്ടറി | 21600857/25.3.17 | 1,39,429 | 1,39,429 |
| " " | 176/17-കറ്റംവേലി-കളപ്പുരത്തട്ട് പൈപ്പ്ലൈൻ നീട്ടൽ | അസിസ്റ്റന്റ് സെക്രട്ടറി | 21600856/25.3.17 | 60,000 | 60,000 |

| | | | | | |
|---|---|---|---|---|---|
| “ “ | 182/17- തിടിലയിൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ പൂർത്തീകരണം | അസിസ്റ്റന്റ് സെക്രട്ടറി | 21600920/31.3.17 | 5,000 | 5,000 |
| “ “ | 114/17- മൃഗാശുപത്രിയിലേക്ക് വാട്ടർകണക്ഷൻ | വെറ്ററിനറി സർജൻ | 21600891/31.3.17 | 60,000 | 60,000 |
| കേരള നിർമ്മിതി കേന്ദ്രം | 151/17- കൊടിയാട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | അസിസ്റ്റന്റ് സെക്രട്ടറി | 21600924/31.3.17 | 17,200 | 17,200 |
| “ “ | 152/17- കൊടിയാട് കമ്മ്യൂണിറ്റി ഹാൾ വാട്ടർ കണക്ഷൻ | അസിസ്റ്റന്റ് സെക്രട്ടറി | 21600922/31.3.17 | 6,800 | 6,800 |
| ആകെ | | | | | 20,44,454 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ക്ഷേമപെൻഷൻ തിരികെ ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും കർഷകതൊഴിലാളി പെൻഷൻ വാങ്ങിച്ചുകൊണ്ടിരുന്ന 3 ഗുണഭോക്താക്കൾക്ക് വൈക്കം നഗരസഭയിൽ നിന്നും വാർദ്ധക്യകാല പെൻഷനും അനുവദിച്ചിരുന്നു. ഇത് കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകി ടി തുക തിരികെ ഈടാക്കി. തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഈടാക്കിയ തുക(രൂപ) | പെൻഷൻ വാങ്ങിയ കാലയളവ് | രസീത് നം., തീയതി |
|---|---|---|---|---|
| 1 | അന്നമ്മ ത്രേസ്യ | 6,600 | 04/2015-12/2015 | 11603100420/31.05.2016 |
| 2 | ദേവസ്യ ഔസേഫ് | 6,600 | 04/2015-12/2015 | 11603100421/31.05.2016 |
| 3 | സി.തങ്കമ്മ | 2,400 | 06/2014-09/2014 | 11603100782/27.07.2016 |
| | ആകെ | 15,600 | | |

പ്രസ്തുത തുക അടിയന്തിരമായി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

## 3-13 വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ പ്രതിമാസം 1,13,750/- രൂപ അടയ്ക്കുന്നുണ്ട്. 260 ടാപ്പുകളുടെ തുകയായിട്ടാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നത്. GO(Rt)2242/2011/lsgd/28.09.11,GO(Rt)1275/2009/LSGD/30.05.2009 എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിശ്ചയിച്ച് വെള്ളക്കരം ക്രമീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ വാട്ടർ അതോറിട്ടിയുമായി ചേർന്നുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി പരിശോധന നടത്തി വെള്ളക്കരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 28.03.17 | 49,687 | പാലിയേറ്റീവ് പരിചരണ പദ്ധതി | 49,687 | 0 |
| " " | " " | 50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000 | 0 |
| " " | " " | 1,00,000 | ജൈവ പച്ചക്കറി കൃഷി- വനിതാ ഗ്രൂപ്പ് | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 141/17- വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വെക്കൽ | 21600850/23.3.17 | 26,060 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 26,060 |
| " " | " " | 21600858/25.3.17 | 4,972 | " " | 4,972 |
| " " | " " | 2160888/29.3.17 | 78,968 | " " | 78,968 |
| " " | 167/17- വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ | 21600875/29.3.17 | 2,48,345 | " " | 2,48,345 |
| " " | " " | 21600874/29.3.17 | 1,28,342 | " " | 1,28,342 |
| " " | " " | 21600908/31.03.17 | 1,530 | " " | 1,530 |
| | | 21600908/31.03.17 | 21,658 | " " | 21,658 |
| | | 21600909/31.03.17 | 2,40,000 | " " | 2,40,000 |
| | | 21600872/29.03.17 | 8,81,150 | " " | 8,81,150 |
| കേരള വാട്ടർ അതോറിറ്റി | 21/17- തിടിലയിൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ | 21600819/16.03.17 | 1,25,000 | " " | 1,25,000 |
| " " | 175/17-വെണ്ണൂട്ടിൽ- ആറുകണ്ടം പൈപ്പ്ലൈൻ നീട്ടൽ | 21600857/25.3.17 | 1,39,429 | " " | 1,39,429 |
| " " | 176/17-കറ്റംവേലി- കളപ്പുരത്തട്ട് | 21600856/25.03.17 | 60,000 | " " | 60,000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ്ലൈൻ നീട്ടൽ | | | | |
| " " | 182/17- തിടിലയിൽ റോഡ് പൈപ്പ്ലൈൻ നീട്ടൽ പൂർത്തീകരണം | 21600920/31.03.17 | 5,000 | " " | 5,000 |
| " " | 114/17- മൃഗാശുപത്രിയിലേക്ക് വാട്ടർകണക്ഷൻ | 21600891/31.03.17 | 60,000 | " " | 60,000 |
| കേരള നിർമ്മിതി കേന്ദ്രം | 151/17- കൊടിയാട് കമ്മ്യൂണിറ്റി ഹാൾ വൈദ്യൂതീകരണം | 21600924/31.03.17 | 17,200 | " " | 17,200 |
| " " | 152/17- കൊടിയാട് കമ്മ്യൂണിറ്റി ഹാൾ വാട്ടർ കണക്ഷൻ | 21600922/31.03.17 | 6,800 | " " | 6,800 |
| ആകെ | | | | | 20,44,454 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് സമ്പൂർണ്ണ ഭവനപദ്ധതി | ജി ഒ (എം എസ്) നം.725/2010/. ത.സ്വ.ഭ.വ/4.3.2010 | 1,72,00,000 | 58,11,050 | 13,00,279 | | 45,10,771 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപങ്ങൾ നിലവിലില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2009-10 | 3-11 | 60 | റെജിമോൻ | 11603101424, 16.10.2016 |
| | | 60 | പ്രവീൺകുമാർ | 11603101424, 16.10.2016 |
| 2011-12 | 3-13 | 1800 | റ്റി.എ.അശോകൻ | 11603101622, 18.11.2016 |
| 2006-07 | 3-1 | 1660 | ശ്യാമളാദേവി | 11603101607, 17.11.2016 |
| 2006-07 | 3-1 | 600 | രാജേഷ് | 11603101845, 23.12.2016 |
| 2007-08 | 3-1 | 120 | രാജേശ്വരി | 11603101844, 23.12.2016 |
| 2015-16 | 3-2 | 6000 | രാജീവ്, അസിസ്റ്റന്റ് സെക്രട്ടറി | 11603101607, 16.01.2017 |
| ആകെ | | 10,300 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 3.6.2 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2015 ഖണ്ഡിക 5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനപദ്ധതി-നിർവ്വഹണം-വാഴമന ഭാഗത്ത് എസ്.സി.സങ്കേതത്തിലേക്ക് വഴിസൗകര്യം ഇല്ല | -- |
| 2 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 3.7.11 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് 2015 ഖണ്ഡിക 4 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് എസ്.സി./എസ്.ടി.കർമ്മസമിതി തീരുമാനങ്ങൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നില്ല | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,64,10,960(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,81,84,239 |
| വരവിനങ്ങളിലുള്ള നഷ്ടം | 23,188 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,74,457 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(1) | 420 | | ശ്രീ.അബ്ദുൾ ജവാദ് എ., സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത് |
| 2-4(2) | 1,600 | | |
| 2-5 | 21,168 | | |
| ആകെ | 23,188 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(1) | 48,650 | ഡോ.മഞ്ജു സേവ്യർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-5(2) | 2,36,353 | ഡോ.എ.വി.സുനിൽ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-6 | 45,000 | ഡോ.മിനി ജോസഫ്, വെറ്ററിനറി സർജൻ |
| 3-10(2) | 2,00,000 | ശ്രീ.എസ്.രാജേന്ദ്രൻ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 16,31,025 | ശ്രീ.അബ്ദുൾ ജവാദ് എ., സെക്രട്ടറി |
| 3-11 | 3,53,429 | ശ്രീ.എസ്.രാജേന്ദ്രൻ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 60,000 | ഡോ.മിനി ജോസഫ്, വെറ്ററിനറി സർജൻ |
| ആകെ | 25,74,457 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
2-3, 2-4(3)

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുൾ ജവാദ് എ., സെക്രട്ടറി | ശ്രീ.അബ്ദുൾ ജവാദ് എ., സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത് | റ്റി.സി.43/81, പിള്ളവീട്, എസ്.എൻ.ഡി.പി.ലെയ്ൻ, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | എൽ.എഫ്.കെ.പി.5/519/04/10.06.14 | -- | |
| 99-00 | എൽ.എഫ്.കെപി.5./858/22.01.01/2.2.05 | -- | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11-31.08.11 | -- | |
| 2000-01 | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11(6)-31.08.11 | -- | |
| 02-03 ചെലവ് | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11-31.08.11 | 11 | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11-31.08.11 | 10 | |
| 2004-05 | എൽ.എഫ്.കെ.പി7/1151/11-31.03.2012 | 4 | |
| 2005-06 | എൽ.എഫ്.കെ.പി7/1152/11-31.03.2012 | | |
| 2006-07 | എൽ.എഫ്.കെ.പി.7/904/11-7.6.2012 | 17 | |
| 2007-08 | എൽ.എഫ്.കെ.പി.6/721(1)/13-7.6.13 | | |
| 2008-09 | എൽ.എഫ്.കെ.പി.6/721(2)/13-1.7.13 | 9 | |
| 2009-10<br>2010-11 | എൽ.എഫ്.കെ.പി.6/749/13-11.6.13 | 15 | |
| 2011-12 | എൽ.എഫ്.കെ.പി.6/1680/13-9.10.14 | 20 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/1487/14-12.2.16 | 33 | |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/599/1623.5.16 | 17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928/2016/19.12.16 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-കെ.ടി.എം.പി6/1191/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
doktm.ksad@kerala.gov.inഇ-മെയിൽ:

തീയതി:03.08.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രിക ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം